6. MR. PULIYOOR T P. VELAYUDHAN PILLAI :

"I move that the business of the House be adjourned for the purpose of discussing a definite matter of urgent public importance, namely, the serious situation brought about in the country as the result of the press note dated 8th January 1943 prohibiting all private sales of paddy and rice and all movements of paddy and rice within the State except when authorised by permits issued for the purpose."

7. MR. N. NARAYANA KURUP :

"I beg leave to move that the business of this House be adjourned for discussing a definite matter of urgent public importance, namely, the difficulties, the loss and consequent unrest and panic created among the agriculturists of the State by the recent orders of the Government in regard to the compulsory cultivation of fields in Kuttanad, the purchase of paddy, submission of statements, transport of paddy, stocking and prohibition of private sale of paddy in toto etc."

MR. N. NARAYANA KURUP: Sir, I wish to make a Statement before withdrawing my motion.

ദിവാൻ പ്രസിഡൻറ് അവർകളുടെ ഒന്നരമണിക്കൂർ നേരത്തെ പ്രസംഗത്തിനുശേഷവും എന്തുദ്ദേശത്തോടുകൂടിയാണ് ഈ അടിയന്തിരപ്രമേയം അവതരിപ്പിക്കുവാൻ ഞാൻ ഉദ്യുക്തനായതെന്നുള്ളതിനെപ്പറ്റി രണ്ടു വാക്കു പറയാതിരിക്കുന്നതു് ഒരു കൃത്യവിലോപമായിരിക്കും. മകരമാസക്കാലങ്ങളിൽ കുട്ടനാടൻ പ്രദേശങ്ങൾ കൃഷി ചെയ്യുവാൻ നിർബന്ധിക്കുന്നതുകൊണ്ടു് വലിയ ബുദ്ധിമുട്ടുണ്ടു്. ഏകദേശം ഏഴുലക്ഷപ്പറ നിലത്തോളം അവിടെ ആണ്ടുതോറും പുഴനിലമാക്കി ഇടാറുണ്ടു്. എന്നാൽ ഈ ആണ്ടിൽ അധികസ്ഥലവും കൃഷിയായതുകൊണ്ടു വെള്ളത്തിന്റെ ഗതിക്കു തടസ്സം നേരിട്ടു മട വച്ചു തുടങ്ങി. ഉദ്ദേശം മൂന്നുലക്ഷപ്പറ നിലത്തിൽ പല അവസരങ്ങളിലായി മട വീണു. വലിയ നഷ്ടത്തോടുകൂടി വീണ്ടും ചിറ കെട്ടി കൃഷിയിറക്കി. ധനുമാസം പകുതിക്കു മുമ്പായതുകൊണ്ടു് വിളവിനു പിഴ വരികയില്ലെന്നു വിശ്വസിക്കുന്നു. ഇപ്പോൾ അതായതു് ധനു പകുതി- ഏഴായിരപ്പറയോളം വിതച്ചുകഴിഞ്ഞ നിലത്തിൽ മട വീണു. ഇനിയും അവിടെ കൃഷി ശരിയാകണമെങ്കിൽ മകരം പകുതിയാകും. മകരക്കാൽ ഉണ്ടായി വിളവു രണ്ടും മൂന്നും മേനിയേകിട്ടുകയുള്ളൂ. അതിനാൽ കൃഷിക്കാർ ഉപേക്ഷിച്ചു. അവിടെ വരമ്പു കെട്ടിച്ചു് വെള്ളം വറ്റിച്ചു വീണ്ടും കൃഷി തുടങ്ങുക എന്നുള്ളതു് സാദ്ധ്യമല്ല. ഈ മാസം [illegible] അതു് ഒരിക്കലും സാദ്ധ്യമല്ല. പുഴനിലമായിട്ടു് ഇട്ടതിനുശേഷം കൃഷി ചെയ്താൽ അടുത്ത വിളവിനു കൂടുതൽ വിളവെടുക്കാവുന്നതാണു്. ഇപ്പോഴത്തെ കൃഷിക്കു കൂടുതൽ ബുദ്ധിമുട്ടുണ്ടു്. അടുത്തയാണ്ടത്തെ കൃഷി കുറയുകയും ചെയ്യും. ഈ വിഷമങ്ങൾ പരിഹരിക്കത്തക്കവണ്ണം കർഷകർക്കു് ആശ്വാസപ്രദമായ നടപടികൾ നടത്തണമെന്നു് അധികാരികളെ അറിയിച്ചിട്ടും അവർ വഴിപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. Narayana Kurup.]

ന്നില്ല. "നിങ്ങൾ കൃഷി ചെയ്തില്ലെങ്കിൽ പാട്ടത്തിനേൽപ്പിക്കും" എന്ന് അവർ ഇപ്പോഴും പറയുന്നു. പാട്ടത്തിനു ആളുണ്ടായേക്കാം. ചീഫ് സെക്രട്ടറി ഉദ്യോഗം ലേലത്തിനു വിളിച്ചാൽ ൧൦ രൂപയ്ക്കു പിടിക്കാൻ ആളും ഉണ്ടാകും. അതുപോലെയാണു ഈ പാട്ടമേർപ്പാടുകാരുടേയും നില. തൽക്കാലം കുറെ നെല്ല് കിട്ടുമല്ലൊ എന്നു കരുതി ആരെങ്കിലും പാട്ടത്തിനു എടുക്കാൻ തയ്യാറായി എന്നും വരാം. ൧൫,൦൦൦ പറ നെല്ല് ചെലവാക്കുന്ന ഒരാളിനു ൫൧,൦൦൦ പറ നെല്ല് കിട്ടി എന്നു വരാം. ഈ ലാഭം കണ്ടുകൊണ്ടാണ് ആളുകൾ വരുന്നതു്. പക്ഷെ കർഷകക്കു അതിൽ ബുദ്ധിമുട്ടും ആദായക്കുറവും ആണു ഉണ്ടാകുന്നതെന്നുള്ള വസ്തുത വിസ്മരിച്ചുകൂടാത്തതാകുന്നു. പതിവായി കൃഷി ചെയ്യുന്ന ഒരു കർഷകനു ലാഭമുണ്ടെങ്കിൽ അവൻ ഏതുനിലയിലും കൃഷി നടത്തും. അവൻ ഉപേക്ഷിച്ചാൽ പിന്നെ നിർബന്ധിച്ചും ഭയപ്പെടുത്തിയും കൃഷി ചെയ്യിക്കുന്നതും സങ്കടകരമാണ്. അക്കാര്യം വിശദമാക്കാനാണൊരു പ്രമേയം കൊണ്ടുദ്ദേശിച്ചതു്.

രണ്ടാമതു് വിളവളക്കൊടുക്കുന്നതിനുള്ള ഒവെഷ്യമാണ്. കണ്ട കൃഷിക്കരം നിറുത്തിയതുതന്നെ നെല്ലളവിനെ സംബന്ധിച്ചു പരാതിയുണ്ടായതുകൊണ്ടാകുന്നു. വിചാരിപ്പുകാക്കു കൈക്കൂലി കൊടുക്കാതെ, തൃപ്തികരമായ രീതിയിൽ കണ്ടകൃഷിവക നെല്ല് അളന്നുകൊടുക്കുവാൻ സാധിക്കുമായിരുന്നില്ല. നെല്ല് കൂടുതൽകാലം കിടക്കുന്നതുകൊണ്ടും, മറിച്ചും തിരിച്ചും അളക്കുന്നതുകൊണ്ടും കുറവു വരുമെന്നുള്ളതു തീർച്ചയാണ്. ആ സ്ഥിതിക്കു അളന്നെടുക്കുന്ന ഉദ്യോഗസ്ഥന്മാക്കു തിക്കിക്കലുക്കി നിറച്ചു് അളന്നെടുക്കാനൊട്ടും തരമില്ല. ഒരാളിന്റെ മുലയറവും പൊക്കി പറയിലേയ്ക്കു നെല്ലിടണമെന്നാണു പഴയ കണ്ടകൃഷിയളവിന്റെ നിയമം. അതുകഴിഞ്ഞാൽ അളവുകാരൻ പറയുടെ കോൽകൊണ്ടു് നെല്ലിന്റെ മുകളിലായി അമുക്കിത്തുടങ്ങും. പാലം തെളിക്കാതെ വടിച്ചു അളക്കും. ഈ അളവിനു ശരാശരി നൂറുക്കു അഞ്ചുകിലും കൂടുതൽ കാണാം. അതുയും കൃഷിക്കാരനു നഷ്ടവുമാണ്. വിൽക്കുന്നവൻ അളന്നുകൊടുക്കുകയല്ലാതെ, വാങ്ങുന്നവൻ അളക്കുന്ന പതിവില്ല. ഗവണ്മെന്റു നെല്ലു വാങ്ങുമ്പോൾ വ്യത്യസ്ഥതയുണ്ടാക്കുന്നതു സങ്കടകരമാണ്. അതിനാൽ കൃഷിക്കാർ അളന്നേല്പിച്ചാൽ മതിയെന്ന വ്യവസ്ഥ ചെയ്യണമെന്നുള്ളതാണ് രണ്ടാംപ്രമേയത്തിന്റെ ഉദ്ദേശം

PRESIDENT: What are the local committees for excepting for dealing with such problems?

LIBRARY ARCHIVES Kerala Legislative Assembly

MR. N. NARAYANA KURUP : ലോക്കൽ കമ്മിറ്റികൾ വിചാരിച്ചാൽ ഇതിനെപ്പറ്റി ഒന്നും ചെയ്യാൻ സാധിക്കുകയില്ല. ഒരു കർഷകന്റെ കൃഷിച്ചെലവും ഗൃഹാവശ്യവും നിശ്ചയിക്കാനാണു ലോക്കൽ കമ്മിറ്റികൾ. ലോക്കൽകമ്മറ്റികളുടെ നിർദ്ദേശമനുസരിച്ചു അളവു നടത്തിയാൽ മതിയെങ്കിൽ നന്നായിരുന്നു. പക്ഷെ, സർക്കാരുദ്യോഗസ്ഥൻ പറയുന്നതനുസരിച്ചു് നെല്ലളന്നുകൊടുക്കേണ്ടതായി വരും. ഇപ്പോഴത്തെ വ്യവസ്ഥ അനുസരിച്ചു് പ്രവൃത്തിയാരാണു് നെല്ലു അളന്നെടുക്കേണ്ടതു്. നൂറുപറ നെല്ലു് അളന്നെടുക്കുമ്പോൾ ചുരുങ്ങിയപക്ഷം അഞ്ചുപറ നെല്ലെങ്കിലും കൂടുതൽ കണ്ടേക്കാനിടയുണ്ടു്. ഇങ്ങനെ കൂടുതൽ അളവു് എടുക്കാൻ ഇടവരുത്തരുതെന്നാണു് ഞാൻ പറയുന്നതു്.

PRESIDENT: The present practice is known to prevail in shops in various other places as well.

MR. N. NARAYANA KURUP: നിലവിലിരിക്കുന്ന ഉത്തരവു് അനുസരിച്ചു് പ്രവൃത്തികാരന്മാർ നെല്ലു വിലക്കു വാങ്ങിക്കൊള്ളട്ടെ. എന്നാൽ ആ അവസരത്തിലും ഗവണ്മെന്റു് അധികാരം ഉപയോഗിക്കരുതു. കൃഷിക്കാരൻതന്നെ അളന്നുകൊടുക്കുവാൻ അവരെ അനുവദിക്കണമെന്നാണു് ഞാൻ പറയുന്നതു്. ഇതിനു് ഗവണ്മെന്റു് പ്രത്യേകമായി അനുവാദം കൊടുത്തില്ലെങ്കിൽ പ്രവൃത്തി അധികാരികൾ നെല്ലു വിലക്കു വാങ്ങുവാൻ കൃഷിക്കാരുടെ അടുക്കൽ ചെല്ലുമ്പോൾ അവർ തന്നെ നെല്ലു് അളന്നു എടുത്തുകൊള്ളാമെന്നു പറയും. അപ്പോൾ അളവിനെ സംബന്ധിച്ചു ഞാൻ മുൻപറഞ്ഞ തരത്തിൽ ചില കുഴപ്പങ്ങൾ ഉണ്ടാകാനിടയുണ്ടു്.

RAJYASEVAPRAVINA G. PARAMESWARAN PILLAI: Sir, at present there is no standard para available for use throughout the State. Arrangement has been made with the P. W. Workshops to make more than a thousand standard paras for this use and they will at once be available and then there will be no difficulty so far created by the adoption of Kallurkadan para or various other measures. There will be a standard para as a standard measure which will considerably mitigate the evils adverted to by the honourable member.

MR. N. NARAYANA KURUP: പറയെപ്പറ്റി അല്ലാ ഇപ്പോൾ വിഷമമുള്ളതു്. നെല്ലു് വിൽക്കുന്ന ആളുകളെത്തന്നെ അളന്നുകൊടുക്കുവാനും സമ്മതിക്കണം എന്നാണു ഞാൻ പറഞ്ഞതു്. ഗവണ്മെന്റു് ഏതളവു കൊണ്ടുവരുന്നുവോ ആ അളവിനു കൃഷിക്കാരൻ അളന്നുകൊടുത്തുകൊള്ളും. പറയിൽ നെല്ലിട്ടു കോലുകൊണ്ടു് കൂലുക്കുമ്പോൾ കൂടുതൽ നെല്ലു് പറയ്ക്കുള്ളിൽ കൊള്ളും. അഞ്ചുറു പറ നെല്ലു അധികാരികൾ സ്വന്തമായി അളക്കുമ്പോൾ അറുന്നൂറു പറ നെല്ലു വേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. Narayana Kurup.]

അതുയും നഷ്ടം കൃഷിക്കാരനു നേരിടും. ഇപ്പോഴത്തെ പതിവു്, നെല്ലു് വിൽക്കുന്നവൻതന്നെ അളന്നു കൊടുക്കുക എന്നുള്ളതാണു്. അതിനു അവനെ അനുവദിക്കണമെന്നാണു് ഞാൻ പറയുന്നതു്.

മറെറാരു കായ്യം പെർമിററിനെപ്പററിയാണു്. ഇപ്പോൾ നെല്ലു് പെർമിറു കിട്ടി ഏഴു ദിവസത്തിനകം മാററിയില്ലെങ്കിൽ വീണ്ടും പെർമിറു വേണം എന്നു വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതു വലിയ ബുദ്ധിമുട്ടാണു്. ഈ അവധി ആവശ്യംപോലെ നീട്ടിത്തരേണ്ടതാണു്. നെല്ലു് മാറുന്നതിനു് പല തരത്തിലുള്ള ബുദ്ധിമുട്ടുകളും കർഷകനു ഉണ്ടാകാൻ ഇടയുണ്ടു്.

RAJYASEVAPRAVINA G. PARAMESWARAN PILLAI: That is a matter which can easily be arranged according to the needs of the locality. The matter can be looked into by the local kara committees and also by the Tahsildars.

MR. N.NARAYANA KURUP: ഇതിലേക്കു് ഗവണ്മെൻറു പ്രത്യേകം അനുവാദം കൊടുത്തില്ലെങ്കിൽ ഗവണ്മെൻറുത്തരവു് നിർബന്ധമായി പാലിക്കുവാൻ ബദ്ധപ്പെട്ടുന്ന കീഴദ്യോഗസ്ഥന്മാർ കർഷകരെ ഉപദ്രവിക്കും. കർഷകനു കഴിയുന്നതും ഉപദ്രവം വരുത്താതെ ഗവണ്മെൻറുദ്ദേശങ്ങളെ പാലിക്കുക എന്നുള്ളതാണല്ലൊ ഗവണ്മെൻറിൻെറയും ഉദ്ദേശം.

അടുത്തതു് സ്ററോറുമെൻറു കൊടുക്കുന്ന കായ്യത്തെപ്പററിയാണു്. സ്ററോറുമെൻറുകാരം പരിശോധിച്ചാൽ, ഒരു കർഷകനിൽനിന്നും ആവശ്യം കഴിഞ്ഞു നെല്ലു കൊടുക്കാനുള്ളതായിക്കാണുകയില്ല. അതിനാൽ വ്യത്യസ്തമായ ഒരു പദ്ധതിയത്യാവശ്യമാണു്. അഞ്ചു് ഏക്കർ സ്ഥലത്തിൽ കൂടുതൽ കൃഷി ഉള്ളവർ ഏക്കറിനു് ഇത്ര പറ നെല്ലുവീതം കൊടുക്കണം എന്നു് ഒരു കണക്കുവച്ചു് ആകെയും നെല്ലു് ഗവണ്മെൻറിനെ ഏൽപ്പിക്കുവാൻ തരുമാനിക്കുന്നപക്ഷം ആകെയും നെല്ലു് ആ കർഷകൻ സൂക്ഷിച്ചുകൊള്ളും. ഇങ്ങനെ നിലത്തിൻെറ വിസ്തീർണ്ണമനുസരിച്ചു നെല്ലു കൊടുക്കുവാൻ ഒരു റേറു നിശ്ചയിക്കുന്നതായാൽ അതു മിക്കവാറും സർവസമ്മതമായിത്തീരുമെന്നാണു് എനിക്കു തോന്നുന്നതു. നെല്ലു കർഷകൻ തന്നെ സൂക്ഷിക്കും. ഗവണ്മെൻറുത്തരവനുസരിച്ചു അളന്നുകൊടുക്കും. ഇപ്രകാരമായാൽ ഗവണ്മെൻറിനു് ബുദ്ധിമുട്ടും സൂക്ഷിപ്പുചെലവും ആവശ്യമില്ലാതെ വരും.

പ്രൈവററു വിൽപ്പന നിരോധിച്ചതുകൊണ്ടു കൊട്ടനാട്ടിൽ മറെറാരു വൈഷമ്യംകൂടെ ഉണ്ടാകാനിടയുണ്ടു്. അവിടെ കൃഷിയുടെ ആവശ്യത്തിലേക്കായി അനേകം കൂലിവേലക്കാർ വയലിൽ കുടിൽകെട്ടി താമസിക്കുന്നുണ്ടു്. അവർ ചെയ്യുന്ന ജോലിക്കു കൂലിയായി നെല്ലു കൊടുക്കുക

LIBRARY ARCHIVES Kerala Legislative Assembly

യാണ്. സാധാരണ പതിവ്. ഇതിനു തീർപ്പു കൊടുക്കുക എന്നു പറയും. അതു് രണ്ടുദിവസത്തിലൊരിക്കലെങ്കിലും കൊടുക്കുന്നുണ്ടു്. ഈ നെല്ലു് അവിടെ താൽക്കാലികമായി വന്നു കച്ചവടം ചെയ്യുന്ന വച്ചവാണിഭക്കാക്കു ഈ ക്ലിക്കാർ വിൽക്കുകയും അവക്കു് ആവശ്യമുള്ള മറു സാമാനങ്ങൾ ഇവരിൽനിന്നു പകരമായി വാങ്ങുകയുമാണു് ഇപ്പോൾ ചെയ്തു വരുന്നതു്. ഈ ഏർപ്പാടു് ഇപ്പോഴത്തെ നിരോധനാജ്ഞകൊണ്ടു് തുടർന്നുകൊണ്ടു പോകുവാൻ സാധിക്കാതെ വരുന്നു. അപ്രകാരം നാഴിയൊ ഇരുനാഴിയൊ നെല്ലു് വാങ്ങുവാൻ ഗവണ്മെൻറു് ഇപ്പോൾ ഒരു ഏർപ്പാടും ചെയ്തിട്ടില്ല. അതിലേക്കു് ഒന്നുകിൽ ഗവണ്മെൻറു് പ്രത്യേകം ഏജൻസികളെ ഏർപ്പാടു ചെയ്യണം. അല്ലെങ്കിൽ ഇപ്പോഴത്തെ ഏർപ്പാടു തുടർന്നുകൊണ്ടുപോകുവാൻ അനുവദിക്കണം. ഇതുയും കാര്യങ്ങളാണു് ഈ അടിയന്തിരപ്രമേയം അവതരിപ്പിച്ചുകൊണ്ടു് ഗവണ്മെൻറിൻറെ ശ്രദ്ധയിലേക്കു വിഷയീഭവിപ്പിക്കുവാൻ ഞാൻ ഉദ്ദേശിച്ചിട്ടുള്ളതു്.

RAJYASEVAPRAVINA G. PARAMESWARAN PILLAI: As regards the suggestion that, instead of fixing a minimum or maximum quantity to be retained by the land holder, a certain proportion may be fixed in relation to the acreage or extent of the land cultivated, I may say that the matter is under the active consideration of the Government, and very soon, orders will be passed more or less on the lines suggested by the honourable member.

In regard to the prohibition of private sale, it may at once be stated that the intention of the Government in issuing the order was certainly not to cover cases of the kind referred to by the honourable member. The object was only to conserve stock from being depleted by indiscriminate sale. In regard to such small scale sales by labourers of small stocks which they may obtain towards wages, arrangements will certainly be made, and instructions will also be issued to the Food Grains Purchase Officer to see that such sales are not in any way restricted.

MR. PULIYOOR T. P. VELAYUDHAN PILLAI: The Chief Secretary has stated on behalf of the Government that the Government are going to pass orders more or less on the lines suggested by the honourable member Mr. Kurup. May I know whether the rates in different centres or in regard to different kinds of paddy lands specified by the honourable member are accepted by the Government?

RAJYASEVAPRAVINA G. PARAMESWARAN PILLAI: What I meant was that instead of fixing a definite quantity either as maximum or minimum, a certain quantity would be fixed in relation to the extent of the land and the yield.

MR. THAMARAPALLIL KOCHUTHOMMEN (*Tiruvalla*): ഇപ്പോൾ മഴക്കൃഷിയുടെ കൊയിത്തു നടന്നുകൊണ്ടിരിക്കുകയാണല്ലൊ. അപ്പോൾ ഈ ആർഡർ എന്നത്തേക്കു പാസ്സാക്കും?

LIBRARY ARCHIVES Kerala Legislative Assembly

RAJYASEVAPRAVINA G. PARAMESWARAN PILLAI: ന്നളെയാ മറന്നാ ളള ചാന്ത്യാക്കം.

PRESIDENT: The next motion relates to copper coins. It reads thus:

MR. N. NARAYANA KURUP: "I beg leave to move that the business of this House be adjourned to discuss a specific matter of urgent public importance, *viz.*, the difficulties and loss experienced by the public for the purchase of the necessary daily articles of essential commodities, due to the dearth or scarcity of changes for the rupees throughout the State."

In view of the President's Statement this motion also was not pressed.

MESSAGES FROM THE SRI CHITRA STATE COUNCIL.

SECRETARY: Sir, I beg to report that the following Messages have been received from the Secretary to the Sri Chitra State Council:—

1. Under Rule 42 of the Travancore Legislative Rules, I am directed to inform you that the Sri Chitra State Council at its meeting held on the 1st August 1942 agreed without any amendment to the following Bills which were passed by the Sri Mulam Assembly on the 20th July 1942.

(i) The Travancore Official Trustee Bill.
(ii) The Travancore Administrator General's Bill.
(iii) The Travancore Provident Fund Act (Amendment) Bill.

2. Under Rule 43 of the Travancore Legislative Rules, I am directed to inform you that the Sri Chitra State Council at its meeting held on 8th August 1942 passed the Travancore Special Marriage and Succession Bill which was passed by the Sri Mulam Assembly on the 15th August 1941 subject to the following amendments, *viz.*;

(1) In Clause 1, in short title of the Bill, the figures '1118' shall be substituted for the figures '1117.'
(2) Clause 32 shall be renumbered as sub-clause (i) of that Clause and before the explanation the following shall be inserted as sub-clause (2), namely:-
"(2) Notwithstanding anything contained in Section 28 no person who marries under this Act shall be entitled to perform the functions of a Karanavan or Manager of the joint family or to reside in the family house."

The Sri Chitra State Council requests the concurrence of the Sri Mulam Assembly to the amendments.

BILLS ASSENTED TO BY HIS HIGHNESS THE MAHARAJA.

SECRETARY: Sir, I beg to report that the following bills have received the assent of His Highness the Maharaja:—

(i) The Travancore Official Trustee Bill.
(ii) The Travancore Administrator General's Bill.
(iii) The Travancore Provident Funds Act (Amendment) Bill.

LIBRARY ARCHIVES Kerala Legislative Assembly